16
2026
ഒക്ടോബർ
വെള്ളി
കന്നി ൩൦

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 193 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-193 പേജ് 4. വില 2.00 രൂപ

02 കെ.എസ്.ആർ.ടി.സി ഡോർ ടു ഡോർ കൊറിയർ സേവനം വിപുലീകരിക്കുന്നു
03 പുതിയ വോട്ടർമാരെ ഉൾപ്പെടുത്തുന്നതിനായി പ്രത്യേക പ്രചാരണ യജ്ഞം ആരംഭിച്ചു
04 കിഫ്ബി പൂട്ടിയാൽ പകുതി പദ്ധതികളും മുടങ്ങും

# തീരദേശ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം വേണം: കെസിബിസി

## ■ സർക്കാരിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പ്രത്യാശ നൽകുന്നത്

കൊച്ചി: യുഡിഎഫ് സർക്കാരിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പ്രത്യാശ നൽകുന്നതും അഭിനന്ദനാർഹവുമാണെന്ന് കെസിബിസി ജാഗ്രത കമ്മിഷൻ.

വിഴിഞ്ഞത്തിനുപുറമെ സംസ്ഥാനത്തെ വിവിധ തീരദേശമേഖലകളിൽ കടലാക്രമണം, തീരശോഷണം, ഉപജീവനപ്രതിസന്ധി, പുനരധിവാസ പ്രശ്നങ്ങൾ തുടങ്ങിയവ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ശാശ്വത പരിഹാരങ്ങളും ആവശ്യമായ സംരക്ഷണവും ഉറപ്പാക്കണം.

മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചതും വയോജന ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനവും നേട്ടങ്ങളാണ്.




സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ജനങ്ങൾ ദീർഘകാലമായി നേരിടുന്ന മറ്റു പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള നടപടികൾക്കും സർക്കാർ മുൻഗണന നൽകണം.

പരിസ്ഥിതിലോല മേഖലകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇനിയും നിലനിൽക്കുന്ന ജനങ്ങളുടെ ആശങ്കകൾ പരിഗണിച്ചും കർഷകരുടെയും മലയോര ജനതയുടെയും അവകാശങ്ങൾ സംരക്ഷിച്ചും വ്യക്തതയോടെയുള്ള തുടർനടപടികൾ കൈക്കൊള്ളണം.

മലയോരമേഖലകളിൽ വർധിച്ചുവരുന്ന വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും സംരക്ഷണം ഉറപ്പാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കണം. റിപ്പോർട്ടിൻറെ നിർദേശങ്ങൾ പ്രായോഗികമാക്കുന്നതിലൂടെ അർഹരായ ജനവിഭാഗങ്ങൾക്കു നീതിയും ആനുകൂല്യങ്ങളും ഉറപ്പാക്കാൻ കഴിയണം.

മുനമ്പത്തെ ജനങ്ങളുടെ റവന്യൂ അവകാശം പുനഃസ്ഥാപിക്കാനും പ്രശ്നം ശാശ്വതമായി പരിഹരിക്കാനുമുള്ള അടിയന്തര ഇടപെടലുകൾക്കു സർക്കാർ തയാറാകണമെന്നും ജാഗ്രത കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. എൽ. ആൻറണി പറഞ്ഞു.

# മത പരിവർത്തനം ചെയ്യുന്ന വ്യക്തിക്ക് സംവരണം അവകാശപ്പെടാനാകില്ല

ന്യൂഡൽഹി: ഹിന്ദു മതത്തിൽ നിന്ന് മുസ്‌ലിം മതത്തിലേക്ക് മതം മാറുന്ന ഒരാൾക്ക്, മതം മാറ്റത്തിൻറെ മാത്രം അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗത്തിനുള്ള സംവരണം അവകാശപ്പെടാനാകില്ലെന്ന് സുപ്രീംകോടതി. മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ് ശരിവച്ചുകൊണ്ടാണ് സുപ്രീംകോടതിയുടെ ഈ നിരീക്ഷണം.

ഹിന്ദു സാമൂഹിക ക്രമത്തിൽ നിന്ന് മറ്റൊരു സാമൂഹിക ക്രമത്തിലേക്ക് മാറുന്ന വ്യക്തിക്ക് ആ അടിസ്ഥാനത്തിൽ മാത്രം സംവരണ ആ



നുകൂല്യങ്ങൾ ആവശ്യപ്പെടാൻ കഴിയില്ലെന്ന് കോടതി വ്യക്തമാക്കി. 2015-ൽ ഹിന്ദു മതത്തിൽ നിന്ന് മുസ്‌ലിം മതത്തിലേക്ക് മാറുകയും 2016-ൽ ഗസറ്റ് വിജ്ഞാപനം വഴി സമീർ അഹമ്മദ് എന്ന് പേര് മാറ്റുകയും ചെയ്ത വ്യക്തിക്ക് തമിഴ്നാട് സർക്കാർ സംവരണ ആനുകൂല്യം നൽകിയ ഉത്തരവ് ചോദ്യം ചെയ്തുള്ളതായിരുന്നു ഹർജി.

ഇതിൽ മദ്രാസ് ഹൈക്കോടതി ഹർജിക്കാരുടെ വാദം ശരിവെച്ചതോടെയാണ് തമിഴ്നാട് സർക്കാരും ആനുകൂല്യം ലഭിച്ച വ്യക്തിയും സുപ്രീംകോടതിയെ സമീപിച്ചത്. പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ മാറ്റം വരുത്താനോ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്താനോ സർക്കാർ നിയമപരമായ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നും വിജ്ഞാപനത്തിലൂടെ അത് നടപ്പിലാക്കാനാകില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

# അനധികൃത സ്വത്ത് സമ്പാദന കേസ്: ടോമിൻ ജെ തച്ചങ്കരിയുടെ ശിക്ഷ മരവിപ്പിച്ച് ഹൈക്കോടതി

കൊച്ചി: അനധികൃത സ്വത്ത് സമ്പാദന കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മുൻ ഡിജിപി ടോമിൻ ജെ തച്ചങ്കരിക്ക് ഹൈക്കോടതിയുടെ ആശ്വാസം. അദ്ദേഹത്തിൻറെ ശിക്ഷ ഹൈക്കോടതി മരവിപ്പിച്ചു. കഴിഞ്ഞ സെപ്റ്റംബർ 18 മുതലാണ് ടോമിൻ ജെ തച്ചങ്കരി ജയിലിൽ കഴിയുന്നത്. നാല് വർഷം തടവിന് ശിക്ഷിച്ച കോട്ടയം വിജിലൻസ് കോടതി ഉത്തരവ് ചോദ്യം ചെയ്ത് അദ്ദേഹം സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഹൈക്കോടതി ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

2003 ജനുവരി ഒന്ന് മുതൽ 2007 ജൂലൈ ഏഴ് വരെയുള്ള കാലയളവിൽ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 135 ശതമാനം അധിക വരുമാനം ഉണ്ടാക്കിയെന്നും, 64 ലക്ഷം രൂപയോളം വിലമതിക്കുന്ന വരവിൽ കവിഞ്ഞ സ്വത്ത് സ്വന്തമാക്കിയെന്നുമാണ് അദ്ദേഹത്തിനെതിരെയുള്ള വിജിലൻസ് കേസ്.

സ്ഥലം വാങ്ങിയ വകയിൽ ആലപ്പുഴ മാമ്പുഴക്കരി കരുവേലിത്തറ പരേതനായ കെ.സി. കുരുവിളയുടെ മക്കളായ ബോബി കുരുവിള, അലക്സാണ്ടർ കരുവേലിത്തറ എന്നിവരുടെ ഹർജിയിലാണ് കോടതി തച്ചങ്കരിയെ ശിക്ഷിച്ചത്.

# സാമൂഹിക സുരക്ഷാ പദ്ധതികളിൽ ഇന്ദിര ഗാന്ധി എന്നത് പ്രധാനമന്ത്രി എന്ന് മാറ്റാൻ തീരുമാനം

ന്യൂഡൽഹി: കേന്ദ്ര സാമൂഹിക സുരക്ഷാ പദ്ധതികളുടെ പേരുകളിൽ നിന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പേര് ഒഴിവാക്കി കേന്ദ്രസർക്കാർ. ഇന്ദിരാഗാന്ധിയുടെ പേരിലുള്ള വാർധക്യ, വിധവാ, ഭിന്നശേഷി പെൻഷൻ പദ്ധതികൾ ഇനിമുതൽ 'പ്രധാനമന്ത്രി' എന്ന പേരിലായിരിക്കും അറിയപ്പെടുക. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിലാണ് ഈ പേരുമാറ്റത്തിന് അംഗീകാരം നൽകിയത്. 2026-27 മുതൽ 2030-31 വരെയുള്ള അഞ്ച് വർഷത്തേക്ക് പദ്ധതികൾ തുടരാനായി 53,428 കോടി രൂപ മന്ത്രിസഭ വകയിരുത്തിയിട്ടുണ്ട്.

പുതിയ തീരുമാന പ്രകാരം ദേശീയ സാമൂഹിക സഹായ പദ്ധതി ഇനി മുതൽ പ്രധാൻ മന്ത്രി സാമാജിക് സഹായത യോജന എന്നറിയപ്പെടും. കൂടാതെ ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ - പ്രധാൻ മന്ത്രി വൃദ്ധാവസ്ഥ പെൻഷൻ യോജന, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ- പ്രധാൻ മന്ത്രി വിധവാ പെൻഷൻ യോജന, ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ- പ്രധാൻ മന്ത്രി ദിവ്യാംഗ്ജൻ പെൻഷൻ യോജന, ദേശീയ കുടുംബാനുകൂല്യ പദ്ധതി - പ്രധാൻ മന്ത്രി പരിവാർ ലാഭ് യോജന എന്ന പേരിലും ഇനി മുതൽ അറിയപ്പെടും.

കൂടാതെ ഭിന്നശേഷി പെൻഷനുള്ള അർഹതാ മാനദണ്ഡത്തിലും കേന്ദ്രം വലിയ ഇളവ് വരുത്തി. മുൻപുണ്ടായിരുന്ന 80 ശതമാനം വൈകല്യമെന്നത് 40 ശതമാനമായി കുറയ്ക്കുകയും ജനനം മുതൽ അർഹത ബാധകമാക്കുകയും ചെയ്തിട്ടുണ്ട്.

# കൊച്ചിയിൽ വൻ കഞ്ചാവ് വേട്ട; 50 ലക്ഷം രൂപയുടെ കഞ്ചാവുമായി ബംഗാൾ സ്വദേശി പിടിയിൽ

കൊച്ചി: എറണാകുളം കലൂരിൽ വൻ കഞ്ചാവ് വേട്ട. 30 കിലോയിൽ അധികം കഞ്ചാവുമായി പശ്ചിമബംഗാൾ സ്വദേശി പിടിയിലായി. മൂർഷിദാബാദ് സ്വദേശി അബ്ദുൾ ഹായ് മൊല്ലയാണ് പിടിയിലായത്. ഇയാളിൽ നിന്നും പിടിച്ചെടുത്ത കഞ്ചാവിന് വിപണിയിൽ 50 ലക്ഷം രൂപ വില വരുമെന്നാണ് പൊലിസ് അറിയിക്കുന്നത്.

ഒഡീഷയിൽ നിന്നും വൻതോതിൽ കഞ്ചാവ് കേരളത്തിലെത്തിച്ച് മലയാളികൾ അടക്കമുള്ള സംസ്ഥാനത്തെ ചെറുകിട കഞ്ചാവ് വിൽപ്പന റാക്കറ്റിന് നൽകിയിരുന്ന സംഘത്തിലെ മുഖ്യകണ്ണിയാണ് പ്രതി. ഇയാളിൽ നിന്നും കഞ്ചാവ് വാങ്ങുന്ന മലയാളികളിലേക്കും പൊലിസ് അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ട്. നാളുകളായി പൊലിസ് നിരീക്ഷണത്തിലായിരുന്നു പ്രതി. സിറ്റി പൊലിസ് കമ്മിഷണർക്ക് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് പ്രതിയെ റെയിൽവേ സ്റ്റേഷന് പരിസരത്ത് നിന്നും പിടികൂടിയത്. നാർക്കോട്ടിക് എസിപി അനന്തലാലിൻറെ നേതൃത്വത്തിലുള്ള സംഘമാണ് ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഇയാളെ പിടികൂടിയത്.

# കിഫ്ബി സ്വതന്ത്ര സാമ്രാജ്യമായി പ്രവർത്തിച്ചു; ധനവകുപ്പിനെ നോക്കുകുത്തിയാക്കി: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന സ്വതന്ത്ര സാമ്രാജ്യമായാണ് കിഫ്ബി പ്രവർത്തിച്ചതെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ധനവകുപ്പിനെ നോക്കുകുത്തിയാക്കിയായിരുന്നു കിഫ്ബിയുടെ പ്രവർത്തനമെന്നും കിഫ്ബിയെക്കുറിച്ചുള്ള വിദഗ്ധസമിതി റിപ്പോർട്ടിനെ പരാമർശിച്ച് മുഖ്യമന്ത്രി ആരോപിച്ചു. കിഫ്ബിയുടെ ക്രമക്കേടുകളിൽ അന്വേഷണം നടത്തുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കിഫ്ബി മുൻ സിഇഒ സർക്കാരിൽ എക്സ് ഒഫീഷ്യോ സെക്രട്ടറിയായി പ്രവർത്തിച്ചത് ഇരട്ട പദവി വഹിക്കുന്നതിന് തുല്യമാണ്.

കൺസൾട്ടൻസികൾക്ക് പണം നൽകിയതിലും ഭൂമിയേറ്റെടുക്കലിലും വ്യക്തമായ ക്രമക്കേടുകൾ കണ്ടെത്തിയതായും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിൻറെ കടമെടുപ്പ് പരിധിയിൽ നിന്ന് കേന്ദ്രം വലിയ തുക വെട്ടിക്കുറച്ചത് തിരിച്ചടിയായെന്നും അദ്ദേഹം വ്യക്തമാക്കി. ധനവകുപ്പ് ഗ്യാരൻറി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടും മുഖ്യമന്ത്രി അധ്യക്ഷനായ യോഗം ആ തീരുമാനം അട്ടിമറിച്ചുവെന്നാണ് റിപ്പോർട്ടിലെ പരാമർശം. ഇത് റൂൾസ് ഓഫ് ബിസിനസിൻറെ ലംഘനമാണെന്നും ധനവകുപ്പിൻറെ തീരുമാനം മറികടക്കാനുള്ള അധികാരം മന്ത്രിസഭയ്ക്കു മാത്രമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉയർന്ന പലിശയ്ക്ക് വായ്പയെടുത്തതിലൂടെ 396 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായെന്നും മസാല ബോണ്ട് വഴി 181 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും അദ്ദേഹം ആരോപിച്ചു. പദ്ധതികളുടെ നടത്തിപ്പിൽ 13,103 കോടി രൂപയുടെ അധികച്ചെലവുണ്ടായതായും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. കണ്ണൂരിൽ 1,000 ഏക്കർ ഭൂമി ഏറ്റെടുത്തതിൽ 50 ഏക്കർ മാത്രമാണ് ഉപയോഗിച്ചതെന്നും ബാക്കി ഭൂമി ഉപയോഗിക്കാതെ കിടക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഭൂമിയുടെ വിലയുടെ അഞ്ചിരട്ടി തുക നൽകിയാണ് ഏറ്റെടുക്കൽ നടത്തിയതെന്നും അദ്ദേഹം ആരോപിച്ചു.

വീണ്ടും 4,000 ഏക്കർ ഭൂമി ഏറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചതിനെയും അദ്ദേഹം ചോദ്യം ചെയ്തു. ഇത്രയും വലിയ തുക നൽകി കണ്ണൂരിൽ ഭൂമി ഏറ്റെടുത്തതിൻറെ ആവശ്യകത വ്യക്തമല്ല. കിഫ്ബിയുടെ പരസ്യച്ചെലവിലും ക്രമക്കേടുണ്ടെന്നാണ് മുഖ്യമന്ത്രിയുടെ ആരോപണം. കണക്കുകളിൽ 21.16 കോടി രൂപയായി കാണിച്ചിട്ടുള്ള പരസ്യച്ചെലവ് യഥാർഥത്തിൽ 203 കോടി രൂപയിലധികമാണെന്ന് അദ്ദേഹം പറഞ്ഞു. ഉയർന്ന പലിശയ്ക്ക് വായ്പയെടുത്ത തുക പരസ്യത്തിനായി ചെലവഴിച്ചുവെന്നും ഇതിൽ വലിയ ക്രമക്കേടുണ്ടെന്നും മുഖ്യമന്ത്രി ആരോപിച്ചു.





സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം മന്ത്രി കെ എ തുളസി ഉദ്ഘാടനം ചെയ്യുന്നു

# കെ.എസ്.ആർ.ടി.സി ഡോർ ടു ഡോർ കൊറിയർ സേവനം വിപുലീകരിക്കുന്നു

## സഹകരണ സംഘങ്ങൾക്ക് പങ്കാളികളാകാം

കെ.എസ്.ആർ.ടി.സി നടപ്പിലാക്കുന്ന കൊറിയർ ആൻഡ് ലോജിസ്റ്റിക്സ് സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഡോർ ടു ഡോർ സേവനത്തിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചു. ഉപഭോക്താക്കളുടെ വീടുകളിൽ നിന്ന് പാഴ്സലുകൾ ശേഖരിച്ച് കെ.എസ്.ആർ.ടി.സി കൗണ്ടറുകളിൽ എത്തിക്കുന്നതിനും, കൗണ്ടറുകളിൽ എത്തുന്ന പാഴ്സലുകൾ വീടുകളിൽ വിതരണം ചെയ്യുന്നതിനുമാണ് പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആവശ്യമായ ജീവനക്കാർ, പ്രാദേശിക സാന്നിധ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക-സംഘടനാ ശേഷി എന്നിവയുള്ളതും നിയമപരമായി രജിസ്റ്റർ ചെയ്തതുമായ സഹകരണ സംഘങ്ങൾക്കാണ് അപേക്ഷിക്കാൻ സാധിക്കുക. കെ.എസ്.ആർ.ടി.സി നിശ്ചയിക്കുന്ന മേഖലകളിൽ സേവനം നൽകുന്നതിനായി അർഹതയുള്ള ഒന്നോ അതിലധികമോ സംഘങ്ങളെയാണ് തിരഞ്ഞെടുക്കുക. താൽപര്യപത്രത്തോടൊപ്പം സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജീവനക്കാരുടെയും പ്രതിനിധിയുടെയും വിവരങ്ങൾ, പ്രവർത്തനമേഖല, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന രേഖകളും നിർബന്ധമായും സമർപ്പിക്കണം. താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 22 വൈകിട്ട് അഞ്ച് മണിയാണ്. കെ.എസ്.ആർ.ടി.സി ആസ്ഥാനത്തെ എസ്റ്റേറ്റ് വിഭാഗത്തിൽ നേരിട്ടോ estate@kerala.gov.in എന്ന ഇ-മെയിൽ വഴിയോ അപേക്ഷ നൽകാവുന്നതാണ്. നേരിട്ട് സമർപ്പിക്കേണ്ട വിലാസം: ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട് പി.ഒ, തിരുവനന്തപുരം -695023. കൂടുതൽ വിവരങ്ങൾക്ക് 0471-2471011 (എക്സ്റ്റൻഷൻ 232), 9495903813 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ഗുണനിലവാരമുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കും: മന്ത്രി കെ. മുരളീധരൻ

ഗുണനിലവാരമുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും, ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിന്ന് ഗുണമേന്മയുള്ള മരുന്നുകൾ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. പട്ടം ജില്ലാ പഞ്ചായത്ത് ഇ.എം.എസ്. ഹാളിൽ സംഘടിപ്പിച്ച 'ക്ഷയരോഗ മുക്ത പഞ്ചായത്ത്' പുരസ്കാര പ്രഖ്യാപനവും വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പകർച്ചവ്യാധികളും രോഗങ്ങളും പ്രതിരോധിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനം അത്യാവശ്യമാണെന്നും ബോധവൽക്കരണ പ്രവർത്തനങ്ങൾ ഓരോ വീടുകളിലേക്കും എത്തണമെന്നും മന്ത്രി ഓർമിപ്പിച്ചു. കൊതുകുജന്യ രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവ തടയുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. ഫ്രിഡ്ജിലെ വാട്ടർ ട്രേ, ചെടിച്ചട്ടികൾ തുടങ്ങിയവയിൽ വെള്ളം കെട്ടിക്കിടന്ന് കൊതുക് പ്രജനനം നടത്തുന്നത് തടയാൻ ശ്രദ്ധിക്കണം. അതിന് ആശാ പ്രവർത്തകരും വാർഡ് മെമ്പർമാരും വീടുകൾ കയറിയുള്ള ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കണമെന്നും മന്ത്രി നിർദേശിച്ചു.

കേരളത്തെ ഒരുകാലത്ത് ഏറ്റവും കൂടുതൽ ബാധിച്ച ക്ഷയരോഗവും വസൂരിയും നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞത് വൈദ്യശാസ്ത്ര രംഗത്തുണ്ടായ പുരോഗതിയും പ്രതിരോധ പ്രവർത്തനങ്ങളും കാരണമാണ്. സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ഇത്തരം രോഗങ്ങളെ പൂർണമായി നിർമാർജനം ചെയ്യുക എന്നതാവണം നമ്മുടെ ലക്ഷ്യമെന്നും, ക്ഷയരോഗ നിർമാർജനത്തിൽ കൃത്യമായ സമയത്ത് രോഗനിർണയം നടത്തുക, ചികിത്സ പൂർത്തിയാക്കുക, രോഗികൾക്ക് പോഷകാഹാര പിന്തുണ ഉറപ്പാക്കുക എന്നിവ വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി.

ജില്ലയിൽ ക്ഷയരോഗ നിർമാർജന പ്രവർത്തനങ്ങളിൽ നേട്ടം കൈവരിച്ച 28 ഗ്രാമ പഞ്ചായത്തുകൾക്കും 4 നഗരസഭകൾക്കുമുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു. അണ്ടൂർക്കോണം, പൂവാർ, നന്ദിയോട്, കല്ലറ എന്നീ പഞ്ചായത്തുകൾ സ്വർണ്ണ മെഡലും, പുല്ലമ്പാറ, വിതുര, വക്കം, ആനാട്, അരുവിക്കര എന്നിവ വെള്ളി മെഡലും കരസ്ഥമാക്കി. പോത്തൻകോട്, കിളിമാനൂർ, ഒറ്റശേഖരമംഗലം, അഴൂർ, കഠിനംകുളം, മാണിക്കൽ, വാമനപുരം, കുറ്റിച്ചൽ, ഉഴമലയ്ക്കൽ, വെള്ളനാട്, അതിയന്നൂർ, കാഞ്ഞിരംകുളം, കരിങ്കുളം, ചിറയിൻകീഴ്, പനവൂർ, കടയ്ക്കാവൂർ, ബാലരാമപുരം, മാറനല്ലൂർ, കള്ളിക്കാട് എന്നീ 19 പഞ്ചായത്തുകൾ വെങ്കല മെഡൽ നേടി. നഗരസഭ വിഭാഗത്തിൽ ആറ്റിങ്ങൽ, നെയ്യാറ്റിൻകര, വർക്കല, നെടുമങ്ങാട് എന്നിവരും പുരസ്കാരങ്ങൾക്ക് അർഹരായി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയദർശിനി അധ്യക്ഷത വഹിച്ച ചടങ്ങിൽ എ.ഡി.എം നിസ.എ, ഡി.എം.ഒ. ഡോ. ബിന്ദു മോഹൻ, ജില്ലാ ടി.ബി. ഓഫീസർ ഡോ. രഞ്ജി കെ. രാജൻ, എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജർ അർണോൾഡ് ദീപക്, വാർഡ് കൗൺസിലർ മേരി പുഷ്പം, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# മാസപ്പടിയിൽ പിണറായിക്ക് തിരിച്ചടി; വിജിലൻസ് അന്വേഷണ ഉത്തരവിനെതിരായ അപ്പീലിന് അനുമതിയില്ല

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് ഇടപാടുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന് അനുമതി നൽകിയ സിംഗിൾ ബെഞ്ച് വിധിക്കെതിരെ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ നൽകിയ അപ്പീലിന് അനുമതിയില്ല. അപ്പീൽ നൽകാനുള്ള അപേക്ഷ ഹൈക്കോടതി തള്ളി. നിയമപരമായി വിജിലൻസ് എഫ്ഐആർ രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ അപ്പീൽ നൽകാൻ അനുമതിയില്ലെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

അപ്പീൽ സാങ്കേതികമായി നിലനിൽക്കില്ലെന്ന് ജസ്റ്റിസുമാരായ കെ നടരാജൻ, ജോൺസൺ ജോൺ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. പിണറായി വിജയൻ, മകൾ ടി. വീണ, മുൻ മന്ത്രി പി.എ. മുഹമ്മദ് റിയാസ്, മുഹമ്മദ് റിയാസിൻറെ സുഹൃത്തുക്കൾ ഉൾപ്പെടെയുള്ളവരാണ് അപ്പീലുമായി ഹൈക്കോടതിയെ സമീപിച്ചിരുന്നത്.

എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് നൽകിയ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ എഫ്ഐആർ റജിസ്റ്റർ ചെയ്യാനായിരുന്നു ജസ്റ്റിസ് എ. ബദറുദീൻ അധ്യക്ഷനായ സിംഗിൾ ബെഞ്ച് ഉത്തരവിട്ടത്. ഇതനുസരിച്ച് വിജിലൻസ് രണ്ടു കേസുകൾ റജിസ്റ്റർ ചെയ്തിരുന്നു. സിംഗിൾ ബെഞ്ച് ഉത്തരവ് റദ്ദാക്കണമെന്നും ഹർജിയിൽ തീർപ്പാകുന്നതു വരെ സ്റ്റേ അനുവദിക്കണമെന്നുമായിരുന്നു അപ്പീലിലെ ആവശ്യം.

സിംഗിൾ ബെഞ്ച് പരിഗണിച്ച കേസിൽ കക്ഷികളല്ലാത്തവർക്ക് അപ്പീലുമായി സമീപിക്കാനാകുമോ എന്ന കാര്യത്തിലാണ് വാദം നടന്നത്. സംസ്ഥാന സർക്കാർ തീരുമാനിച്ച പ്രാഥമികാന്വേഷണത്തിനായുള്ള എസ്ഐടി റദ്ദാക്കി, ഇഡി നൽകിയ കത്തിൽ വിജിലൻസ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കാനാണ് സിംഗിൾ ബെഞ്ച് ഉത്തരവിട്ടത്. കെഎം ഷാജഹാനാണ് സിംഗിൾ ബെഞ്ചിൽ ഹർജി നൽകിയത്.

സിഎംആർഎൽ ഇടപാടിൽ വിജിലൻസ് രണ്ട് എഫ്ഐആറുകളാണ് രജിസ്റ്റർ ചെയ്തത്. വിജിലൻസ് എടുത്ത ആദ്യ കേസിൽ പിണറായി വിജയൻ ഒന്നാം പ്രതിയും മകൾ രണ്ടാം പ്രതിയുമാണ്. സിഎംആർഎൽ കമ്പനി ഉടമ ശശിധരൻ കർത്ത ഉൾപ്പടെ ഏഴ് പ്രതികളാണ് ഈ കേസിലുള്ളത്.

മന്ത്രിയായിരിക്കെ മുഹമ്മദ് റിയാസ് അനധികൃതമായി ഉണ്ടാക്കിയ പണം ഹവാല വഴി വിദേശത്തേക്ക് കടത്തിയെന്ന ഇഡി കണ്ടെത്തലിലാണ് രണ്ടാമത്തെ കേസ്. ഇതിലും വീണയാണ് രണ്ടാം പ്രതി.

# വെറ്ററിനറി ഡോക്ടർ കരാർ നിയമനം

ഇടുക്കി ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ പി.ജി, യു.ജി വെറ്ററിനറി സർജൻ തസ്തികകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റ് കട്ടപ്പന ബ്ലോക്കിലേക്കും ദിവസ വേതന അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ 89 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. പിജി വെറ്ററിനറി സർജൻ തസ്തികയിൽ MVSC (Surgery) & വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ഡോക്ടർമാരെയും ഇവരുടെ അഭാവത്തിൽ Bvsc & AH ബിരുദവും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും, World Veterinary Service (WVS) Training Certificate ഉള്ളതുമായ വെറ്ററിനറി ഡോക്ടർമാരെയും യു.ജി വെറ്ററിനറി സർജൻ, മൊബൈൽ വെറ്ററിനറി യൂണിറ്റ് വെറ്ററിനറി സർജൻ തസ്തികകളിൽ ആ്രെ & അഒ ബിരുദവും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികളെയാണ് ആവശ്യം. ഉദ്യോഗാർഥികൾ ഒക്ടോബർ 17 രാവിലെ 11 ന് പൂർണമായ ബയോഡേറ്റയും, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം തൊടുപുഴ മങ്ങാട്ടുകവലയിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം. ഉദ്യോഗാർഥികളുടെ അഭാവത്തിൽ റിട്ടയേർഡ് വെറ്ററിനറി ഡോക്ടർമാരെ പരിഗണിക്കും.

## വാക്ക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾ തസ്തികകളിലേക്ക് താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഒക്ടോബർ 17 രാവിലെ 10ന് നടത്താനിരുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ ഒക്ടോബർ 23 രാവിലെ 10ന് ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ വച്ച് നടത്തുന്നതിന് പുനഃവിജ്ഞാപനം ചെയ്തിട്ടുണ്ട്.

# പരീക്ഷണയോട്ടം പൂർത്തിയാക്കി; മുംബൈ–ബംഗളൂരു വന്ദേ ഭാരത് ഉടൻ ട്രാക്കിലേക്ക്

മുംബൈ: രാജ്യത്തെ രണ്ടാമത്തെ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മുംബൈ-ബംഗളൂരു റൂട്ടിൽ സർവീസ് ആരംഭിക്കാനൊരുങ്ങുന്നു. ദസറയ്ക്ക് ശേഷം സർവീസ് തുടങ്ങുമെന്നാണ് റിപ്പോർട്ടുകൾ. പ്രാദേശിക ഭക്ഷണവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ട്രെയിനിലെ മെനു അന്തിമമാക്കിവരികയാണ്. മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിൽ ട്രെയിൻ പരീക്ഷണയോട്ടം പൂർത്തിയാക്കിയിരുന്നു.

വന്ദേ ഭാരത് സ്ലീപ്പർ സർവീസ് ആരംഭിക്കുന്നതോടെ മുംബൈ-ബംഗളൂരു യാത്രാസമയം നിലവിലുള്ളതിനെക്കാൾ ആറു മണിക്കൂർ 20 മിനിറ്റും കുറയുമെന്നാണ് റിപ്പോർട്ട്. ഏകദേശം 1,000 കിലോമീറ്റർ ദൂരമാണ് ട്രെയിൻ പിന്നിടുക.

റിപ്പോർട്ടുകൾ പ്രകാരം മുംബൈയിലെ ഛത്രപതി ശിവാജി മഹാരാജ് ടെർമിനസിൽ നിന്ന് രാത്രി 8.10ന് പുറപ്പെടുന്ന ട്രെയിൻ പിറ്റേന്ന് രാവിലെ 11.55ന് ബംഗളൂരുവിലെ സർ എം. വിശേശ്വരയ്യ ടെർമിനലിലെത്തും. ബംഗളൂരുവിൽ നിന്ന് വൈകുന്നേരം 7.50നായിരിക്കും മടക്കയാത്ര. പിറ്റേന്ന് രാവിലെ 11.55ന് ട്രെയിൻ മുംബൈയിലെത്തും. എന്നാൽ സമയക്രമം റെയിൽവേ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

ജോലി, വ്യവസായം, വിനോദസഞ്ചാരം തുടങ്ങിയ ആവശ്യങ്ങൾക്കായി ഇരു നഗരങ്ങൾക്കുമിടയിൽ യാത്ര ചെയ്യുന്നവർക്ക് പുതിയ സർവീസ് ഏറെ പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷ. ആഴ്ചയിൽ ആറു ദിവസം സർവീസ് നടത്തുമെന്നാണ് റിപ്പോർട്ടുകൾ. കല്യാൺ, പൂനെ, സോലാപുർ, കൽബുർഗി, റായ്ച്ചൂർ, ഗുണ്ടക്കൽ, അനന്തപുർ എന്നിവിടങ്ങളിൽ സ്റ്റോപ്പുകൾ ഉണ്ടാകുമെന്നും സൂചനയുണ്ട്.

## തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടി

നൈപുണ്യ വികസന പരിശീലന സ്ഥാപനമായ അസാപ് കേരളയുടെ നേതൃത്വത്തിൽ, കൊച്ചിൻ ഷിപ്പ് യാർഡിൽ നേരിട്ടുള്ള പ്രായോഗിക പരിശീലനം ഉൾപ്പെടുന്ന ആറുമാസത്തെ തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഐ.ടി.ഐ. ഷീറ്റ് മെറ്റൽ, വെൽഡർ, ഫിറ്റർ എന്നീ ട്രേഡുകളിൽ വിജയിച്ചവർക്ക് അപേക്ഷിക്കാം. രണ്ടു മാസം ക്ലാസ് മുറിയിലെ പരിശീലനവും നാലു മാസം കൊച്ചിൻ ഷിപ്പ്യാർഡിലെ പ്രായോഗിക പരിശീലനവും ലഭിക്കും.

# നൂറുദിന പദ്ധതികളിലും ഇടംപിടിക്കാതെ തീരദേശ റോഡ് വികസനം

തുറവൂർ: തീരദേശ ഹൈവേ പദ്ധതിയുടെ ഭാവി സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്നതു തീരദേശവാസികളെ ആശങ്കയിലാക്കുന്നു. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആരംഭിച്ച പദ്ധതിയിൽ നൂറുദിവസം പിന്നിട്ടിട്ടും യുഡിഎഫ് സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്നാണ് ആക്ഷേപം.

എൽഡിഎഫ് സർക്കാരിൻറെ അഭിമാന പദ്ധതിയായി ഉയർത്തിക്കാട്ടിയ തീരദേശ ഹൈവേയ്ക്കെതിരേ യുഡിഎഫ് നേതാക്കൾ നേരത്തേ രംഗത്തെത്തിയിരുന്നു. എന്നാൽ, പദ്ധതിയുമായി മുന്നോട്ടു പോകണമെന്ന ആവശ്യവും തീരദേശത്ത് ശക്തമാണ്. നിലവിലുള്ള തീരദേശ റോഡ് 15 മീറ്റർ വീതിയിൽ വികസിപ്പിച്ച് സൈക്കിൾ ട്രാക്ക് ഉൾപ്പടെയുള്ള സൗകര്യങ്ങളോടെ ഹൈവേയായി മാറ്റാനാണ് പദ്ധതി. ഇതിനായി സാധ്യതാപഠനം നടത്തുകയും റോഡിൻറെ ഇരുവശങ്ങളിലും സ്ഥലം അളന്ന് അതിർത്തിക്കുറ്റികൾ സ്ഥാപിക്കുകയും ചെയ്തിരുന്നു.പദ്ധതിയുമായി മുന്നോട്ടുപോകുകയോ അല്ലാത്തപക്ഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിജ്ഞാപനം റദ്ദാക്കുകയോ വേണമെന്നാണ് തീരദേശവാസികളുടെ ആവശ്യം. വീടുകളും കച്ചവടസ്ഥാപനങ്ങളും ഉൾപ്പടെ നിരവധി കെട്ടിടങ്ങൾ പദ്ധതിയുടെ ഭാഗമായി ബാധിക്കപ്പെടുന്നുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവുകൾ നിലവിലുള്ള മേഖലകളിൽപ്പോലും പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ മുതൽ ദേശസാത്കൃത ബാങ്കുകൾ വരെ തീരദേശത്തെ ഭൂമി ഈടായി സ്വീകരിക്കാൻ മടിക്കുന്ന സ്ഥിതിയാണെന്നാണ് പരാതി.

ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനംകൂടി വന്നതോടെ പ്രതിസന്ധി രൂക്ഷമായി.

ആലപ്പുഴ ജില്ലയിൽ വലിയഴീക്കൽ മുതൽ ചെല്ലാനം വരെ 82 കിലോമീറ്ററാണ് നിർദിഷ്ട തീരദേശ ഹൈവേയുടെ ദൈർഘ്യം. പദ്ധതിക്കായി റോഡിൻറെ ഇരുവശങ്ങളിൽനിന്നായി 29.76 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണ് ലക്ഷ്യമിടുന്നത്. തുമ്പോളി മുതൽ ചെല്ലാനം വരെയുള്ള ഭാഗത്ത് 1,916 കെട്ടിടങ്ങൾ ഭാഗികമായോ പൂർണമായോ പൊളിച്ചുനീക്കേണ്ടിവരുമെന്നാണ് കണക്ക്. മറ്റ് മേഖലകളിലെ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടില്ല.തീരദേശത്തിൻറെ സമഗ്ര വികസനവും മെച്ചപ്പെട്ട യാത്രാസൗകര്യങ്ങളും ലക്ഷ്യമിടുന്ന പദ്ധതിയുടെ കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാത്തത് തീരദേശത്തോടുള്ള അവഗണനയാണെന്നാണ് പ്രദേശവാസികളുടെ ആരോപണം. പദ്ധതിയുമായി മുന്നോട്ടുപോകുമോ, അതോ ഉപേക്ഷിക്കുമോ എന്ന കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തണമെന്നാണ് തീരദേശവാസികളുടെ ആവശ്യം.

# കരാർ നിയമനം

തിരുവനന്തപുരം വികസന അതോറിറ്റിയിൽ ചീഫ് എൻജിനിയർ, ടൗൺ പ്ലാനർ, അഡ്മിനിസ്ട്രേറ്റീവ് ആൻഡ് റവന്യൂ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്) തസ്തികകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതത് തസ്തികകളിൽ നിന്ന് വിരമിച്ചവർക്ക് അപേക്ഷിക്കാം.

താത്പര്യമുള്ളവർ ഒക്ടോബർ 26 വൈകിട്ട് 5ന് മുൻപ് ബയോഡാറ്റയും തപാൽ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ സഹിതം സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, ജയാമാൻഷൻ, വഴുതക്കാട്, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം 10 വിലാസത്തിൽ അപേക്ഷിക്കണം. വിവരങ്ങൾക്ക്: 2722748, www.trida.kerala.gov.in, tridasecretary@gmail.com

# സിനഗോഗ് ആക്രമണം: എബിൻ പോളിനെ കോടതിയിൽ ഹാജരാക്കി

കൊച്ചി: എറണാകുളം മാർക്കറ്റിലെ കടവുംഭാഗം സിനഗോഗ് ആക്രമിച്ച കേസിൽ പ്രതി എബിൻ ബി. പോളിനെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഹാജരാക്കി. പ്രതിയെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യാനുള്ള നീക്കത്തിലാണ് പൊലിസ്.

കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെ രണ്ടരയോടെയാണ് സിനഗോഗിന് മുൻവശത്തുള്ള ബ്ലോസം നഴ്സറിക്കു പ്രതി തീയിട്ടത്. കാറിൽ എത്തിയ പ്രതി വാഹനത്തിൽ നിന്നിറങ്ങി കൈവശമുണ്ടായിരുന്ന പെട്രോളൊഴിച്ച് നഴ്സറിയുടെ പ്രചാരണ സാമഗ്രികൾക്കും ഫ്ലക്സുകൾക്കും തീകൊളുത്തുകയായിരുന്നു. കുറ്റകൃത്യത്തിന്റെ ദൃശ്യങ്ങൾ സ്വന്തം ഫോണിൽ പകർത്തിയശേഷമാണ് ഇയാൾ കടന്നുകളഞ്ഞത്.

സംഭവം ശ്രദ്ധയിൽപ്പെട്ടതോടെ അന്വേഷണം ആരംഭിച്ച പൊലിസ് സിസിടിവി ദൃശ്യങ്ങളുടെയും 150ഓളം പേരിൽ നിന്നുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൈബർ സെല്ലിന്റെ സഹായത്തോടെയാണു പുത്തൻകുരിശിലെ വാടകവീട്ടിൽ ഒളിച്ചിരിക്കുകയായിരുന്ന പ്രതിയെ പിടികൂടിയത്.

സിനഗോഗ് തീ കൊളുത്തി നശിപ്പിക്കാൻ 10 ലക്ഷം രൂപ വാഗ്ദാനം ചെയ്തതായും ആക്രമണത്തിൻറെ സൂത്രധാരനായ പാക്കിസ്ഥാൻ ബോസ് പ്രതിക്ക് ആയുധങ്ങൾ എത്തിച്ചു നൽകാൻ നീക്കം നടത്തിയതായും പൊലിസ് കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ച് പ്രതിയും ആസൂത്രകനും നടത്തിയ സമൂഹമാധ്യമത്തിലെ ചാറ്റിൻറെ നിർണായക വിവരങ്ങളും പൊലിസ് കണ്ടെടുത്തു.

ആക്രമണം നടത്തിയത് ബോസ് എന്നയാളുടെ നിർദേശ പ്രകാരമാണെന്നാണു പ്രതി പൊലിസിന് മൊഴി നൽകിയത്. എന്നാൽ ബോസ് ആരാണെന്ന് ഇനിയും വ്യക്തമായിട്ടില്ല. യഹൂദ ആരാധനാലയങ്ങൾ ഉൾപ്പടെ രാജ്യത്തെ വിവിധ നഗരങ്ങളിൽ ആക്രമണം നടത്തുന്നതു സംബന്ധിച്ച സന്ദേശങ്ങളും വിദേശബന്ധമുള്ള ഗ്രൂപ്പുകളുമായുള്ള ആശയവിനിമയങ്ങളും ഫോണിൽ നിന്നും ലഭിച്ചിട്ടുണ്ട്.

പ്രതിയുമായി ആശയവിനിമയം നടത്തിയ മറ്റൊരാളെ കുറിച്ചും പൊലിസ് അന്വേഷണം നടത്തുന്നുണ്ട്. ആയുധം വാങ്ങുന്നതു സംബന്ധിച്ച് ഇവർ നടത്തിയ ചാറ്റിൽ പറയുന്നുണ്ട്. വാഗ്ദാനം ചെയ്ത 10 ലക്ഷം രൂപയിൽ മുൻകൂറായി രണ്ടു ലക്ഷം രൂപ എബിന് നൽകിയതിനും തെളിവ് ലഭിച്ചു. കൊച്ചിക്ക് ശേഷം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലും സമാനരീതിയിൽ ആക്രമണം നടത്താൻ ഇവർ പദ്ധതിയിട്ടിരുന്നതായാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്.

പാക്കിസ്ഥാനുമായി ബന്ധമുള്ള ടെലിഗ്രാം അക്കൗണ്ടുകളും ഹിന്ദിയിലുള്ള ചാറ്റുകളും എബിൻറെ ഫോണിൽ നിന്നും കണ്ടെത്തിയിരുന്നു. ഈ ടെലിഗ്രാം അക്കൗണ്ടിൻറെ വിവരങ്ങൾ ആവശ്യപ്പെട്ടു ടെലിഗ്രാമിന് പൊലിസ് നോട്ടീസ് അയക്കും. പ്രതിയെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) ചോദ്യം ചെയ്തിരുന്നു. രാജ്യാന്തര ഭീകരവാദ ബന്ധം സംശയിക്കുന്ന സാഹചര്യത്തിൽ അന്വേഷണം എൻഐഎ ഏറ്റെടുത്തേക്കും.

എൻഐഎയെ കൂടാതെ എബിനെ ഐബി, റോ ഉദ്യോഗസ്ഥരും മണിക്കൂറുകളോളം ചോദ്യം ചെയ്തു. കേസ് അന്വേഷണത്തിനായി കൊച്ചി സിറ്റി ഡെപ്യൂട്ടി പൊലിസ് കമ്മിഷണർ അരുൺ കെ. പവിത്രൻറെ മേൽനോട്ടത്തിൽ എറണാകുളം സെൻട്രൽ അസിസ്റ്റൻറ് കമ്മിഷണർ സിബി ടോമിൻറെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിട്ടുണ്ട്.

# ഹഡിൽ ഗ്ലോബൽ 2026: മൊബൈൽ ആപ്പും എഐ ചാറ്റ്ബോട്ടും മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പുറത്തിറക്കി

ഡിജിറ്റൽ അനുഭവം മെച്ചപ്പെടുത്തുക ലക്ഷ്യം

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻറെ (കെഎസ്യുഎം) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് സംഗമമായ 'ഹഡിൽ ഗ്ലോബൽ 2026' ൻറെ മുന്നോടിയായി പുതിയ മൊബൈൽ ആപ്പും എഐ ചാറ്റ്ബോട്ടും വ്യവസായ-വാണിജ്യ, എഐ, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പുറത്തിറക്കി. നവംബർ 12 മുതൽ 14 വരെ കോവളത്ത് നടക്കുന്ന ഹഡിൽ ഗ്ലോബലിൻറെ ഭാഗമാകുന്നവർക്ക് കൂടുതൽ സുഗമവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ ഡിജിറ്റൽ അനുഭവം ലഭ്യമാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.



ഹഡിൽ ഗ്ലോബൽ 2026' ൻറെ മുന്നോടിയായി പുതിയ മൊബൈൽ ആപ്പും എഐ ചാറ്റ്ബോട്ടും വ്യവസായ-വാണിജ്യ, എഐ, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പുറത്തിറക്കുന്നു. സംസ്ഥാന ഇലക്ട്രോണിക്സ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു, കെഎസ്യുഎം സിഇഒ അനൂപ് അംബിക, കെഎസ്യുഎം സെക്രട്ടറിയും രജിസ്ട്രാറുമായ നിസാറുദ്ദീൻ റാവുത്തർ, കെഎസ്യുഎം ബിസിനസ് ലിങ്കേജസ് ആൻറ് ഇൻകുബേഷൻ മേധാവി അശോക് കുര്യൻ പഞ്ഞിക്കാരൻ, കെഎസ്യുഎം പ്രതിനിധികളായ അഭിഷേക് ജെ പ്രകാശ്, ആര്യ എന്നിവർ സമീപം.

ഹഡിൽ ഗ്ലോബലിൽ പങ്കെടുക്കുന്ന സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും മെൻററർമാർക്കും കോർപ്പറേറ്റുകൾക്കും മറ്റ് പ്രതിനിധികൾക്കും പരിപാടിയുടെ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും പരസ്പര ബന്ധങ്ങളും സഹകരണങ്ങളും കൂടുതൽ ഫലപ്രദമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഡിജിറ്റൽ സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നത്.

ഒരു സ്റ്റാർട്ടപ്പ് സംഗമത്തിനപ്പുറം ആശയങ്ങൾ ബിസിനസായി മാറുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾക്ക് വിപണി കണ്ടെത്തുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരെയും വ്യവസായ പങ്കാളികളെയും കണ്ടെത്തുന്നതിനും സഹായിക്കുന്ന ആഗോള വേദിയായി ഹഡിൽ ഗ്ലോബലിനെ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമാണ് ഈ സംരംഭം.

സംസ്ഥാന ഇലക്ട്രോണിക്സ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു, കെഎസ്യുഎം സിഇഒ അനൂപ് അംബിക, കെഎസ്യുഎം സെക്രട്ടറിയും രജിസ്ട്രാറുമായ നിസാറുദ്ദീൻ റാവുത്തർ, കെഎസ്യുഎം ബിസിനസ് ലിങ്കേജസ് ആൻറ് ഇൻകുബേഷൻ മേധാവി അശോക് കുര്യൻ പഞ്ഞിക്കാരൻ, കെഎസ്യുഎം പ്രതിനിധികളായ അഭിഷേക് ജെ പ്രകാശ്, ആര്യ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഹഡിൽ ഗ്ലോബലിൻറെ ഔദ്യോഗിക വെബ്സൈറ്റും മൊബൈൽ ആപ്പും വഴി പരിപാടിയുടെ വിവരങ്ങൾ കൂടുതൽ എളുപ്പത്തിൽ അറിയാനും പങ്കെടുക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്താനും സാധിക്കും. പരിപാടികളുടെ സമയക്രമം, വിവിധ സെഷനുകൾ, പ്രഭാഷകർ, രജിസ്ട്രേഷൻ വിവരങ്ങൾ, പങ്കാളിത്ത അവസരങ്ങൾ തുടങ്ങിയവ ഒരു ഡിജിറ്റൽ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനാണ് ഈ പ്ലാറ്റ്ഫോമുകൾ ലക്ഷ്യമിടുന്നത്.

ബിസിനസ്, നിക്ഷേപം, സാങ്കേതികവിദ്യ, നെറ്റ് വർക്കിങ്, സുസ്ഥിരത തുടങ്ങിയ മേഖലകളെ അടിസ്ഥാനമാക്കിയുള്ള പരിപാടികൾ വഴി വിവിധ മേഖലകളിലെ പുതിയ ആശയങ്ങളും നിക്ഷേപ സാധ്യതകളും ബിസിനസ് സഹകരണങ്ങളും പരിചയപ്പെടാൻ പ്രതിനിധികൾക്ക് അവസരമൊരുങ്ങും. പങ്കെടുക്കുന്നവർക്ക് താല്പര്യമുള്ള സെഷനുകൾ കണ്ടെത്തുന്നതിനും പരിപാടികളുടെ വിവരങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പങ്കെടുക്കൽ ആസൂത്രണം ചെയ്യുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ സഹായകമാകും.

ഹഡിൽ ഗ്ലോബലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വേഗത്തിൽ മറുപടി ലഭ്യമാക്കാനും ആവശ്യമായ വിവരങ്ങൾ കണ്ടെത്താനും എഐ ചാറ്റ്ബോട്ട് സഹായിക്കും. പരിപാടിയുടെ വിവരങ്ങൾ, പങ്കെടുക്കാനുള്ള അവസരങ്ങൾ, വിവിധ സെഷനുകൾ, രജിസ്ട്രേഷൻ, സ്റ്റാർട്ടപ്പുകൾക്കുള്ള സാധ്യതകൾ തുടങ്ങിയവയെക്കുറിച്ച് വിവരങ്ങൾ തേടുന്നതിനുള്ള ഡിജിറ്റൽ സഹായിയായി ചാറ്റ്ബോട്ടിനെ പ്രയോജനപ്പെടുത്താം. പരിപാടിയുടെ വിവിധ ഘടകങ്ങൾ പരിചയപ്പെടുന്നതിനും അനുയോജ്യമായ അവസരങ്ങൾ കണ്ടെത്തുന്നതിനും പങ്കെടുക്കുന്നവർക്ക് കൂടുതൽ സൗകര്യപ്രദമായ അനുഭവം ഒരുക്കുന്നതിനും ഇത്തരം എഐ അധിഷ്ഠിത സംവിധാനങ്ങൾ വഴിയൊരുക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവരങ്ങൾ ലഭ്യമാക്കുന്ന രീതികൾ മെച്ചപ്പെടുത്തുന്നതിനൊപ്പം വലിയൊരു പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ വിവരങ്ങളിലേക്കുള്ള പ്രവേശനം ലളിതമാക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു.

സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, മെൻറർമാർ, വ്യവസായ പ്രമുഖർ, കോർപ്പറേറ്റുകൾ, നയരൂപീകരണ വിദഗ്ധർ, അന്താരാഷ്ട്ര പ്രതിനിധികൾ എന്നിവരെ ഒരുമിപ്പിക്കുന്ന വേദിയാണ് ഹഡിൽ ഗ്ലോബൽ. സ്റ്റാർട്ടപ്പുകൾക്ക് ഉത്പന്നങ്ങൾ അവതരിപ്പിക്കാനും നിക്ഷേപകരുമായി ആശയവിനിമയം നടത്താനും ബിസിനസ് പങ്കാളിത്തങ്ങൾ കണ്ടെത്താനും വളർച്ചയ്ക്കുള്ള പുതിയ സാധ്യതകൾ തേടാനും ഇത് അവസരമൊരുക്കുന്നു.

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ദേശീയ, അന്തർദേശീയ വിപണികളിലേക്കുള്ള പ്രവേശനം വിപുലീകരിക്കുക, നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുക, സാങ്കേതികവിദ്യയുടെ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുക, കോർപ്പറേറ്റുകളുമായും വ്യവസായങ്ങളുമായും സഹകരണം വളർത്തുക എന്നിവയാണ് ഹഡിൽ ഗ്ലോബലിൻറെ പ്രധാന ലക്ഷ്യങ്ങൾ.

പുതിയ മൊബൈൽ ആപ്പും എഐ ചാറ്റ്ബോട്ടും ഉൾപ്പെടെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ പരിപാടിയിൽ പങ്കെടുക്കുന്നവരുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനും പരസ്പര ബന്ധങ്ങൾ വളർത്തുന്നതിനും സഹായകമാകും.

സ്റ്റാർട്ടപ്പുകൾക്ക് ആശയങ്ങളിൽനിന്ന് വിപണിയിലേക്കും സാങ്കേതികവിദ്യയിൽ നിന്ന് ബിസിനസ് അവസരങ്ങളിലേക്കും മുന്നേറാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധേയമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഉയർത്തുക എന്ന ലക്ഷ്യത്തിനും ഈ സംരംഭം കരുത്തേകും.

## പുതിയ വോട്ടർമാരെ ഉൾപ്പെടുത്തുന്നതിനായി പ്രത്യേക പ്രചാരണ യജ്ഞം ആരംഭിച്ചു

ഒക്ടോബർ 31 വരെ വില്ലേജ് ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കും

തിരുവനന്തപുരം: പുതിയ വോട്ടർമാരെയും വോട്ടർപ്പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെയും ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് പ്രത്യേക പ്രചാരണ യജ്ഞം ആരംഭിച്ചു.

കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും അർഹരായ മുഴുവൻ വോട്ടർമാരെയും ഉൾപ്പെടുത്തുന്നതിനായാണ് ഒക്ടോബർ 15 മുതൽ പ്രചാരണ യജ്ഞം തുടങ്ങിയത്. ഇതിൻറെ ഭാഗമായി ഒക്ടോബർ 31 വരെ വില്ലേജ് ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കും. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് പരാതികളോ, ഫോറം-6 സമർപ്പിക്കുന്നതിന് സഹായമോ ആവശ്യമുണ്ടെങ്കിൽ ഇവിടെ ബന്ധപ്പെടാവുന്നതാണ്. സഹായത്തിനായി 1950 എന്ന ഹെൽപ്പ് ലൈൻ നമ്പറും പ്രവർത്തിക്കും.

പുതിയ വോട്ടർമാർക്കോ മുമ്പ് ഒഴിവാക്കപ്പെട്ടുപോയ വോട്ടർമാർക്കോ പട്ടികയിൽ പേര് ചേർക്കുന്നതിനായി ഫോറം 6 ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനെതിരെയുള്ള ആക്ഷേപങ്ങൾക്കും നിലവിലുള്ള പേര് ഒഴിവാക്കുന്നതിനും ഫോറം 7 ഉപയോഗിച്ച് അപേക്ഷിക്കാം. സ്ഥലം മാറ്റുന്നതിനും നിലവിലുള്ള വോട്ടർ പട്ടികയിലെ വിവരങ്ങളിൽ തിരുത്തലുകൾ വരുത്തുന്നതിനും പുതിയ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനും ഭിന്നശേഷിക്കാർ ആയി രേഖപ്പെടുത്തുന്നതിനും ഫോറം 8 ഉപയോഗിക്കാം.

അർഹരായ ഒരു വോട്ടറും വോട്ടർപട്ടികയിൽ നിന്ന് പുറത്താകരുത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഊർജ്ജിതമായ പ്രചാരണ പരിപാടികൾ തുടരുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം അറിയിച്ചു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി 14 ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, 140 ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, 140 അസിസ്റ്റൻറ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, 3000 ബി.എൽ.ഒ സൂപ്പർവൈസർമാർ, 30,471 ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവർ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

## ഇ-ഹെൽത്ത് സപ്പോർട്ടിങ് സ്റ്റാഫ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഇ-ഹെൽത്ത് സപ്പോർട്ടിങ് സ്റ്റാഫിനെ (ഒരു ഒഴിവ്) നിയമിക്കുന്നു. ബി.എസ്സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്വെയർ ഡിപ്ലോമ അല്ലെങ്കിൽ കമ്പ്യൂട്ടർ നെറ്റ്വർക്കിങ് ഡിപ്ലോമ എന്നിവയിലേതെങ്കിലും യോഗ്യതയുള്ള 18-41 വയസ്സുള്ളവർക്ക് അപേക്ഷിക്കാം. സിസിഎൻഎ സർട്ടിഫിക്കറ്റും ഇ ഹെൽത്ത് നെറ്റ്വർക്കിങ് സപ്പോർട്ടിൽ രണ്ടുവർഷത്തെ പ്രവൃത്തി പരിചയവും അഭികാമ്യം. പ്രതിമാസ വേതനം 19,000 രൂപ. താൽപര്യമുള്ളവർ തപാൽ മുഖേനയോ നേരിട്ടോ അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 28 വൈകിട്ട് അഞ്ച്. അഭിമുഖ തീയതി ഠഠഠ.ഴാരസീഹഹമാ.ലറൗ.ശി ൽ പ്രസിദ്ധീകരിക്കും. യോഗ്യത, പ്രവൃത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും പകർപ്പുകളും സഹിതം ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകണം.

## ഡിപ്ലോമ കോഴ്സുകളുടെ പരീക്ഷ ഡിസംബറിൽ

ഐ.എച്ച്.ആർ.ഡി. നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഒന്നും രണ്ടും സെമസ്റ്റർ), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് & സെക്യൂരിറ്റി(ഒന്നും രണ്ടും സെമസ്റ്റർ), ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഒന്നും രണ്ടും സെമസ്റ്റർ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സുകളുടെ റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ (2018 (സി.സി.എൽ.ഐ.എസ്. സപ്ലിമെന്ററി), 2020, 2024 സ്കീം) ഡിസംബറിൽ നടത്തും. വിദ്യാർഥികൾക്ക്, പഠിക്കുന്ന / പഠിച്ചിരുന്ന സെന്ററുകളിൽ നവംബർ ഏഴ് വരെ ഫൈൻ കൂടാതെയും, നവംബർ 16 വരെ 100 രൂപ ഫൈനോടുകൂടിയും രജിസ്റ്റർ ചെയ്യാം. ടൈം ടേബിൾ നവംബറിൽ പ്രസിദ്ധീകരിക്കും. രജിസ്ട്രേഷനുള്ള അപേക്ഷാഫോം സെന്ററിൽ നിന്നും ലഭ്യമാണ്. വിവരങ്ങൾക്ക്: www.ihrd.ac.in.

## പരീക്ഷാ സമയക്രമത്തിൽ മാറ്റം

ഇടുക്കി ജില്ലയിൽ ഒക്ടോബർ 16ന് ഹർത്താലായതിനാൽ അന്നേ ദിവസം രാവിലെ കേരളം, ഗൾഫ്, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ഹയർ സെക്കൻഡറി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ സമയക്രമത്തിൽ മാറ്റം. പ്രായോഗിക പരീക്ഷ ഉള്ള വിഷയങ്ങളുടെ സമയക്രമം ഒക്ടോബർ 16ന് ഉച്ചയ്ക്ക് രണ്ട് മുതൽ 4.15 വരെയും പ്രായോഗിക പരീക്ഷ ഇല്ലാത്ത വിഷയങ്ങളുടെ സമയക്രമം ഉച്ചയ്ക്ക് രണ്ട് മുതൽ 4.45 വരെയുമാണ് നിശ്ചയിച്ചിരിക്കുന്നത്.

# ആധുനിക സങ്കേതിക സംവിധാനങ്ങളോടെ ഐ.ടി.ഐകൾ പരിഷ്കരിക്കും: മന്ത്രി

കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ അത്യാധുനിക സാങ്കേതിക സംവിധാനങ്ങളോടെ ഐ ടി ഐ കൾ പരിഷ്കരിക്കുമെന്ന് വനം-വന്യജീവി, നൈപുണ്യ വികസന വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ. നെടുമങ്ങാട് ഗവ. ഐ.ടി.ഐ.യുടെ ഉദ്ഘാടനം നെടുമങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.അടുത്ത അധ്യയന വർഷം മുതൽ എ ഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള നൈപുണ്യ വികസന ട്രേഡുകൾക്ക് കൂടുതൽ പ്രാധാന്യം നൽകും. ആധുനിക ട്രേഡുകൾക്ക് അനുയോജ്യമായ ഉപകരണങ്ങൾ വാങ്ങി നൽകും. സ്ഥലം ലഭ്യമാക്കിയാൽ അടുത്ത വർഷം തന്നെ നെടുമങ്ങാട് ഐ ടി ഐയ്ക്ക് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം നിർമ്മിച്ചു നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ നെടുമങ്ങാട് ഐ.ടി.ഐ.യ്ക്ക് സർക്കാർ സ്ഥാപനാനുമതി ലഭിച്ചതോടെ, കേരളത്തിലെ സർക്കാർ ഐ.ടി.ഐ. ശൃംഖലയിലെ 109-മത് സ്ഥാപനമായി ഇത് മാറി. നെടുമങ്ങാട് നഗരസഭയുടെ ടൗൺ ഹാളിനോടു ചേർന്നുള്ള കെട്ടിടത്തിൽ ആരംഭിച്ച ഐ റ്റി ഐയ്ക്ക് നാല് ട്രേഡുകളിലായി എട്ട് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 16 സ്ഥിരം തസ്തികകൾക്കും സ്വീപ്പർ, വാച്ച്മാൻ തസ്തികകളിൽ യഥാക്രമം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കെക്സ്കോൺ എന്നിവ മുഖേന നിയമനം നടത്തുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. ഫിറ്റർ, വെൽഡർ,കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, മൾട്ടിമീഡിയ ആനിമേഷൻ ആൻഡ് സ്പെഷ്യൽ ഇഫക്ട്സ് എന്നീ ട്രേഡുകളാണ് നെടുമങ്ങാട് ഐ ടി ഐയിലുള്ളത്. യന്ത്രസാമഗ്രികളുടെ ഉപയോഗം, ഫാബ്രിക്കേഷൻ, വെൽഡിങ്, കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾ, പ്രോഗ്രാമിങ്, ഡിജിറ്റൽ മീഡിയ, ആനിമേഷൻ തുടങ്ങിയ മേഖലകളിൽ പരിശീലനം നേടുന്നതിനുള്ള അവസരമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. 156 സീറ്റിൽ ഇതിനോടകം 146 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. നെടുമങ്ങാടും സമീപപ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽനൈപുണ്യ പരിശീലനത്തിനായി നെടുമങ്ങാട് കേന്ദ്രമായി ഗവ. ഐ ടി ഐ വേണമെന്ന നിരന്തര ആവശ്യമാണ് ഇതോടെ യാഥാർത്ഥ്യമായത്.

ചടങ്ങിൽ ജി.ആർ. അനിൽ എം. എൽ. എ അധ്യക്ഷത വഹിച്ചു. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സഫ്ന നസറുദ്ദീൻ റിപ്പോർട്ടവതരിപ്പിച്ചു.

നെടുമങ്ങാട് നഗരസഭ ചെയർമാൻ അഡ്വ. ആർ. ജയദേവൻ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. വൈജു, നഗരസഭാ വൈസ് ചെയർപേഴ്സൺ അഡ്വ. ലക്ഷ്മി സുരാജ്, പ്രിൻസിപ്പാൾ വി. ഹരിലാൽ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അങ്കമാലി ശബരി റെയിൽപാത

**(സംബന്ധിച്ച് ഷിബു തെക്കുപുറം എം.എൽ.എ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ നൽകിയ മറുപടി*)**

27 28 വർഷമായി പെന്റിംഗ് ആയി കിടക്കുന്ന പ്രോജക്ട് ആണ്. 1997-98 റെയിൽവേ ബജറ്റിൽ വിഭാവനം ചെയ്ത 110 കിലോമീറ്റർ നീളമുള്ള അങ്കമാലി ശബരി റെയിൽവേ പദ്ധതിയുടെ 8 കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുക്കലും, ഏകദേശം 7 കിലോമീറ്റർ നീളത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും വളരെ വർഷങ്ങൾക്ക് മുൻപ് പൂർത്തിയാക്കിയിരുന്നു. പിന്നെ 25 വർഷത്തോളം പദ്ധതി സ്തംഭനാവസ്ഥയിൽ ആയതിനെത്തുടർന്ന് റെയിൽവേയുടെ നിർദ്ദേശം സംസ്ഥാന സർക്കാർ പരിഗണിക്കുകയും മൊത്തം പദ്ധതിയുടെ ആകെ ചെലവായ 3,800 കോടി രൂപയുടെ 50% ആയ ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ 1,900 കോടി കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാന സർക്കാർ വഹിക്കാൻ അനുമതി നൽകിയിരുന്നു. ഈ

പദ്ധതിക്ക് 303.58 ഹെക്ടർ ഭൂമി ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലിന് കണക്കാക്കിയിരിക്കുന്ന 1361 കോടി രൂപയും, നിർമ്മാണത്തിന് കണക്കാക്കിയിരിക്കുന്ന 2439 കോടി രൂപയും അടക്കം 3800 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ് . അതും 2023 ലെ എസ്റ്റിമേറ്റ് പ്രകാരമാണ്, ഇപ്പോൾ റേറ്റ് മാറി. ഭൂമി ഏറ്റെടുക്കുന്നതിനായി ലാൻഡ് അകിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്ന് വഹിക്കണമെന്നും, സംസ്ഥാനം ചെലവാക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ റെയിൽവേയ്ക്ക് നൽകണമെന്നും, പദ്ധതി പൂർത്തിയായ ശേഷം 50% വിഹിതം കണക്കാക്കാവുന്നതാണ് എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തോടൊപ്പം തന്നെ റെയിൽവേ വിഹിതവും ലഭ്യമാക്കണമെന്ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന വിഹിതം പൂർണമായും ചെലവാക്കി പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ഇപ്പോൾ ചെയ്തു വരുന്നത്.

# കോടതിയെ ഭീഷണിപ്പെടുത്താൻ ആർക്കുമാകില്ല; രാഹുൽ ഗാന്ധിയോട് വിശദീകരണം തേടി സുപ്രീംകോടതി

ന്യൂഡൽഹി: ഇന്ത്യാ സഖ്യത്തിൻറെ പ്രതിഷേധത്തിനിടെ സുപ്രീംകോടതി വളപ്പിൽ നടന്ന സംഭവങ്ങളിൽ രാഹുൽ ഗാന്ധിയോട് വിശദീകരണം തേടി സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് സൂര്യകാന്തിനെതിരായ ടിറ്റുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജിയിൽ കെപിസിസിക്കും കോടതി നോട്ടീസ് അയച്ചു. ആർക്കും കോടതിയെ ഭീഷണിപ്പെടുത്താനാകില്ലെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

അതേസമയം ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരേ രാഹുൽ ഗാന്ധി ഉൾപ്പെടെ 19 പ്രതിപക്ഷ നേതാക്കൾ നൽകിയ ഹർജികളടക്കം പരിഗണിച്ചു. ഹർജികളിൽ തെരഞ്ഞെടുപ്പ് കമ്മീഷനും ഗ്യാനേഷ് കുമാറിനും കോടതി നോട്ടീസ് അയച്ചു. സമാനമായ മറ്റ് കേസുകൾക്കൊപ്പം ഹർജികൾ പരിഗണിക്കാമെന്നും കോടതി അറിയിച്ചു.

എന്നാൽ കേസ് അടുത്തതായി പരിഗണിക്കുമ്പോൾ ഹർജിക്കാരിൽ ഒരാളുടെ പെരുമാറ്റത്തെക്കുറിച്ചുള്ള വിശദീകരണം ആദ്യം ലഭിക്കണമെന്ന് ചീഫ് ജസ്റ്റിസ് കർശന നിലപാടെടുത്തു. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ പ്രതിഷേധക്കാർ സുപ്രീംകോടതി രജിസ്ട്രിയിലേക്ക് പ്രവേശിച്ച സംഭവത്തിലാണ് കോടതിയുടെ അതൃപ്തി. രജിസ്ട്രിയിൽ നടന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ളവർക്ക് കോടതി നോട്ടീസ് അയച്ചിട്ടുണ്ട്.

വനിതാ മാധ്യമപ്രവർത്തകയെ രാഹുൽ ഗാന്ധി തള്ളിയെന്ന പരാതിയും പരിശോധിക്കാമെന്ന് കോടതി അറിയിച്ചു.

ചീഫ് ജസ്റ്റീസിനെതിരായ കോൺഗ്രസിൻറെ കേരള ഘടകത്തിൻറെ ടീറ്റ് ചൂണ്ടിക്കാട്ടിയുള്ള കോടതിയലക്ഷ്യ ഹർജിയിലും കെപിസിസിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

കോടതിയെ ഭീഷണിപ്പെടുത്താൻ ആർക്കും കഴിയില്ലെന്ന് വ്യക്തമാക്കിയ ചീഫ് ജസ്റ്റീസ് പുറത്ത് നടക്കുന്ന കാര്യങ്ങളെക്കുറിച്ച് കോടതിക്ക് അറിവുണ്ടെന്നും പറഞ്ഞു.

# ഡൽഹിയിൽ പ്രതിഷേധം അണപൊട്ടുന്നു, യൂത്ത് കോൺഗ്രസ് - കെഎസ്‌യു മാർച്ചിലും സംഘർഷം

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ രാജി ആവശ്യപ്പെട്ടുള്ള ഡൽഹിയിലെ പ്രതിഷേധങ്ങൾ അണപൊട്ടുന്നു. പാർലമെൻറ് അംഗങ്ങളായ വി.കെ. ശിവദാസൻ, എ.എ. റഹീം, ജോൺബ്രിട്ടാസ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഡിവൈഎഫ്ഐ-എസ്എഫ്ഐ മാർച്ചിലെ സംഘർഷത്തിന് പിന്നാലെ കോൺഗ്രസ് യുവജന, വിദ്യാർഥി സംഘടനകളായ യൂത്ത് കോൺഗ്രസ്-കെഎസ്‌യു മാർച്ചും സംഘർഷ ഭരിതം. ഡൽഹിയിലെ പാർലമെൻറ് സ്ട്രീറ്റ് പൊലീസ് സ്റ്റേഷനിലേക്കായിരുന്നു പ്രതിഷേധ മാർച്ച്. വൻ പൊലിസ് സന്നാഹത്തെ മറികടക്കാൻ ശ്രമിച്ച പ്രവർത്തകരെ വലിയ തോതിലാണ് പൊലിസ് അറസ്റ്റ് ചെയ്ത് നീക്കിയത്. മുൻ ഡൽഹി പിസിസി അധ്യക്ഷൻ ഉദയ്ബാനു ചിബ് ഉൾപ്പെടെയുള്ളവർ സമരത്തിൽ പങ്കാളികളായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലോക ഭക്ഷ്യദിനത്തിൽ സപ്ലൈകോയുടെ എസ്ഡിജി പഠനറിപ്പോർട്ട് പുറത്തിറക്കും

***റിപ്പോർട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്യും**

ഇന്ന് ലോക ഭക്ഷ്യദിനത്തിൽ സപ്ലൈകോയുടെ പഠന റിപ്പോർട്ട് പുറത്തിറക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നത് സപ്ലൈകോ നൽകുന്ന ശ്രദ്ധേയമായ സംഭാവനകൾ ചൂണ്ടിക്കാട്ടുന്ന 'ടൗുുഹ്യരീ& വേല ഡച ടഉഏെ: അി കിശെഴവ േശീിമഹ കാുമരേ അലൊലിേ' (സപ്ലൈകോയും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങളും) എന്ന റിപ്പോർട്ടാണ് ലോക ഭക്ഷ്യദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം വഴുതക്കാട് മൗണ്ട് കാർമൽ ഹാളിൽ ഉച്ചയ്ക്ക് 11.45ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നത്. ഭക്ഷ്യവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് അധ്യക്ഷനാകും.

ചീ ജീല്യൃേ (ദാരിദ്ര്യനിർമാർജനം) (ടഉഏ 1), ദല്യൃീ ഔിഴലൃ (വിശപ്പുരഹിത ലോകം) (ടഉഏ 2), ഉലരലിേ ണീൃസ മിറ ഋരീിീാശര ഏൃീംവേ (മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും) (ടഉഏ 8), ഞലറൗരലറ കിലൂൗമഹശശേലെ (അസമത്വങ്ങൾ കുറയ്ക്കൽ) (ടഉഏ 10) എന്നീ നാല് പ്രധാന സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള സപ്ലൈകോയുടെ സംഭാവനകളാണ് പഠനം വിലയിരുത്തുന്നത്. തിരുവനന്തപുരം ജില്ലയിലെ 1,380 കുടുംബങ്ങൾ, പാലക്കാട് ജില്ലയിലെ 317 കർഷകർ, സപ്ലൈകോയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 29 വ്യാപാരികൾ എന്നിവരിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പഠനം. സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിലൂടെയും വിപണി വില നിയന്ത്രിക്കുന്നതിലൂടെയും കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കുന്നതിലൂടെയും സാധാരണ ജനങ്ങളുടെ ജീവിതച്ചെലവ് കുറയ്ക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും സപ്ലൈകോയ്ക്ക് സാധിക്കുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

അന്താരാഷ്ട്രതലത്തിൽ ഭക്ഷ്യസുരക്ഷയും സാമൂഹികക്ഷേമവും ഉറപ്പാക്കുന്നതിനായി വിവിധ രാജ്യങ്ങൾ വ്യത്യസ്ത മാതൃകകൾ പിന്തുടരുന്നുണ്ട്. ബ്രസീൽ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലും നോർഡിക് രാജ്യങ്ങളിലെ സഹകരണ സംവിധാനങ്ങളിലും പൊതുവിതരണം, കാർഷിക സംഭരണം, വിപണി ഇടപെടൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ വിവിധ രൂപങ്ങൾ നിലവിലുണ്ട്.

എന്നാൽ, ക്ഷേമവിതരണം, വിപണി ഇടപെടൽ, നെല്ല് സംഭരണം, വിലസ്ഥിരീകരണം എന്നിവയെ ഒരു സ്ഥാപനത്തിന്റെ കീഴിൽ സംയോജിപ്പിച്ചു പ്രവർത്തിക്കുന്ന സപ്ലൈകോയുടെ മാതൃകയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ടെന്ന് പഠനം വിലയിരുത്തുന്നു. ജനങ്ങളുടെ ഭക്ഷ്യസുരക്ഷയും ഉപഭോക്തൃക്ഷേമവും കർഷകരുടെ ഉപജീവനവും ഒരുപോലെ പരിഗണിക്കുന്ന ഈ മാതൃക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ കേരളത്തിന്റെ പൊതുമേഖല ഇടപെടലുകളുടെ പ്രസക്തി ഉയർത്തിക്കാട്ടുന്നു. കമ്മ്യൂണിക്കേഷൻ മന്ത്ര എന്ന ഏജൻസിയാണ് സപ്ലൈകോക്ക് വേണ്ടി ഈ പഠനം നടത്തിയത്.

# ജാതിവിവേചനങ്ങൾക്കെതിരെ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണം : മന്ത്രി

ജാതിവിവേചനങ്ങളും അനാചാരങ്ങളും ഉച്ചനീചത്വങ്ങളും ഇല്ലാതാക്കാൻ പൊതുസമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി. സമൂഹത്തിൽ നിലനിൽക്കുന്ന വിവേചനങ്ങൾ പൂർണമായി ഇല്ലാതാക്കാൻ നിയമനടപടികൾക്കൊപ്പം ജനങ്ങളിൽ യഥാർഥ അവബോധം വളർത്തണം. പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ട് മുതൽ 15 വരെ നടന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയുടെ ഭാഗമായി വകുപ്പ് പ്രഖ്യാപിച്ച 32 പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. അടിസ്ഥാന ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി അനുവദിക്കുന്ന സർക്കാർ ഫണ്ടുകൾ പാഴാകാതെ കൃത്യമായി വിനിയോഗിക്കും. ഇതിന്റെ ഭാഗമായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഡിസംബർ 31നകം അടിയന്തരമായി തീർപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

കാലത്തിന്റെ മാറ്റങ്ങളും വെല്ലുവിളികളും നേരിടാൻ, സ്വാശ്രയത്വമുള്ള ഒരു നവ ജനസമൂഹത്തെ വാർത്തെടുക്കാൻ ലക്ഷ്യമിട്ടാണ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ആചരിച്ചത്. ആദിവാസി മേഖലകളിലെ യാത്ര, ആരോഗ്യ പ്രശ്നങ്ങൾ ഘട്ടംഘട്ടമായി പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇടമലക്കുടിയിലെ റോഡ് സൗകര്യങ്ങളുടെ അഭാവം, നിലമ്പൂരിലെ ചോലനായ്ക്കർ വിഭാഗത്തിന്റെ സവിശേഷമായ ജീവിതസാഹചര്യങ്ങൾ, അട്ടപ്പാടിയിലെ യാത്ര, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും. ഇത്തരം പ്രശ്നങ്ങൾ ഒറ്റയടിക്ക് പരിഹരിക്കാനാകില്ലെങ്കിലും നിശ്ചയദാർഢ്യത്തോടെ ഇടപെടലുകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

പദ്മശ്രീ ലക്ഷ്മികുട്ടിയമ്മ, 'പുതുയുഗ വഴിയിൽ നാമുയരുന്നു, നാടുണരുന്നു' എന്ന പക്ഷാചരണ മുദ്രാവാക്യം രചിച്ച വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ സിദ്ധാർഥ് എന്നിവരെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

കഴിഞ്ഞ വർഷം എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷയിൽ മികച്ച വിജയം നേടിയ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കുള്ള ട്രോഫി വിതരണവും, ഹയർ സെക്കൻഡറി മെറിറ്റ് അവാർഡ് വിതരണവും, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണവും മന്ത്രി നിർവഹിച്ചു. വിതുര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ് സിന്ധു അധ്യക്ഷയായി. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറി ഡോ. വീണ എൻ മാധവൻ സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ ഷർളി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കെ ഹിമ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, പിന്നാക്ക വിഭാഗക്ഷേമ വകുപ്പ് ഡയറക്ടർ ഡി രഞ്ജിത്ത്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## അഭിമുഖം

വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ, ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിൽ ക്ലീനിംഗ് സ്റ്റാഫ് (ഒരു ഒഴിവ്) തസ്തികയിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രായം 20 വയസ്സ് പൂർത്തിയാകണം. 30-45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകും. അഞ്ചാംക്ലാസ് യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഒക്ടോബർ 23 രാവിലെ 10 ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. വിവരങ്ങൾക്ക് : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി. ഒ, തിരുവനന്തപുരം. ഫോൺ: 0471 2348666.

# കിഫ്ബി പൂട്ടിയാൽ പകുതി പദ്ധതികളും മുടങ്ങും

## മുന്നറിയിപ്പുമായി തോമസ് ഐസക്

തിരുവനന്തപുരം: കിഫ്ബി നിർത്തലാക്കുന്നത് കേരളത്തിൻറെ പശ്ചാത്തല വികസനത്തിന് വലിയ ആഘാതമാകുമെന്ന് മുൻ ധനമന്ത്രി തോമസ് ഐസക്. ബജറ്റിലെ പണം മാത്രം ഉപയോഗിച്ച് പശ്ചാത്തല വികസന പദ്ധതികൾ നടപ്പാക്കാനാകില്ലെന്നും കിഫ്ബി ഇല്ലാതായാൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ പകുതിയോളം നടപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

വായ്പയെടുക്കുന്നതിലെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിനാണ് കിഫ്ബി രൂപീകരിച്ചതെന്ന് തോമസ് ഐസക് വ്യക്തമാക്കി. കിഫ്ബിയുടെ വിശ്വാസ്യത സർക്കാർ തന്നെ തകർത്തുവെന്നും അദ്ദേഹം ആരോപിച്ചു. കിഫ്ബിയുടെ കൈവശം 30,000 കോടി രൂപ പണമായും നിക്ഷേപമായും ഉണ്ടെന്നും ഇതാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം ആരോപിച്ചു. കിഫ്ബി പദ്ധതികളിൽ അഴിമതിയുണ്ടെങ്കിൽ ഏത് അന്വേഷണവും നടത്തട്ടെയെന്നും തോമസ് ഐസക് പറഞ്ഞു.

കിഫ്ബിയിൽ സമഗ്ര പൊളിച്ചെഴുത്ത് നിർദേശിക്കുന്ന വിദഗ്ധസമിതി റിപ്പോർട്ട് നിയമസഭയിൽ വെച്ചിരുന്നു. നിലവിലെ രീതിയിൽ കിഫ്ബി തുടരേണ്ടതില്ലെന്നാണ് സമിതിയുടെ ശിപാർശ. കിഫ്ബി സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയാണെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കിഫ്ബിയുടെ കടമെടുപ്പ് അവസാനിപ്പിക്കണമെന്നും നിലവിൽ തുടരുന്ന പദ്ധതികളിൽ സമഗ്ര പരിശോധന നടത്തണമെന്നും വിദഗ്ധസമിതി ശിപാർശ ചെയ്തിട്ടുണ്ട്.

കിഫ്ബിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളിൽ ഗുരുതര ക്രമക്കേടുകൾ നടന്നതായും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

കണ്ണൂരിൽ 3,829 ഏക്കർ ഭൂമി 9,572 കോടി രൂപയ്ക്ക് ഏറ്റെടുത്തതിൽ സമഗ്ര അന്വേഷണം വേണമെന്നാണ് സമിതിയുടെ നിർദേശം. ഭൂമിയുടെ വിലയുടെ അഞ്ചിരട്ടി നൽകിയെന്ന ആരോപണവും റിപ്പോർട്ടിലുണ്ട്. കിഫ്ബി നിർത്തലാക്കുന്നത് സംസ്ഥാനത്തിൻറെ വികസന പദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്ന തോമസ് ഐസക് പറഞ്ഞു.

# ഗ്യാനേഷ് കുമാറിനെ സംരക്ഷിക്കാൻ ഇത്ര തിടുക്കമെന്തിന്; ചോദ്യങ്ങളുമായി അഭിജിത് ദീപ്കെ

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന് രാഷ്ട്രപതിക്കുപോലും ലഭിക്കാത്ത തരത്തിലുള്ള അസാധാരണ സംരക്ഷണമാണ് കേന്ദ്രസർക്കാർ നൽകുന്നതെന്ന് സിജെപി കൺവീനർ അഭിജിത് ദീപ്കെ. ഗ്യാനേഷ് കുമാറിനെ സംരക്ഷിക്കാൻ പിണറായി വിജയൻ ഉൾപ്പെടെയുള്ള മുൻ മുഖ്യമന്ത്രിമാരെപ്പോലും പൊലിസ് കസ്റ്റഡിയിലെടുക്കുന്ന സാഹചര്യമുണ്ടായെന്നും അദ്ദേഹം ആരോപിച്ചു. എന്തിനാണ് ഗ്യാനേഷ് കുമാറിന് ഇത്രയധികം സുരക്ഷയൊരുക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സി ജെപി, എസ്എഫ്ഐ, എഐഎസ്എഫ് എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ വാർത്താസമ്മേളനത്തിലാണ് അഭിജിത് ദീപ്കെ കേന്ദ്രസർക്കാരിനെതിരെ വിമർശനമുന്നയിച്ചത്. തെരഞ്ഞെടുപ്പിൽ മോദിയെ സഹായിച്ചതിനുള്ള പ്രത്യുപകാരമാണോ ഗ്യാനേഷ് കുമാറിന് നൽകുന്ന ഈ സംരക്ഷണമെന്നും അദ്ദേഹം ചോദിച്ചു. രാജ്യത്ത് വൺ നേഷൻ വൺ ഇലക്ഷൻ എന്നതിനപ്പുറം വൺ നേഷൻ വൺ പാർട്ടി എന്ന അജണ്ട നടപ്പാക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്നും ജനകീയ പ്രതിഷേധങ്ങളെ മോദി ഭയപ്പെടുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

2014ൽ കോൺഗ്രസ് സഖ്യവും എൻഡിഎയും തമ്മിലുള്ള വോട്ടുവിഹിതത്തിലെ വ്യത്യാസം ഏകദേശം രണ്ട് ശതമാനം മാത്രമായിരുന്നുവെന്ന് അഭിജിത് ദീപ്കെ ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 13 കോടി വോട്ടർമാരെ പട്ടികയിൽ നിന്ന് നീക്കിയെന്നാണ് അദ്ദേഹത്തിൻറെ ആരോപണം. 2014ലെ വോട്ടർപട്ടികയുമായി താരതമ്യം ചെയ്യുമ്പോൾ ഈ എണ്ണം അന്നത്തെ ആകെ വോട്ടർമാരുടെ ഏകദേശം 14 ശതമാനം വരുമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് ശതമാനം വോട്ടുവ്യത്യാസം പോലും തെരഞ്ഞെടുപ്പ് വിജയപരാജയങ്ങൾ നിർണയിക്കുന്ന സാഹചര്യത്തിൽ ഇത്രയധികം പേരെ പട്ടികയിൽനിന്ന് നീക്കിയതിനെ ഗൗരവമായി കാണണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രതിഷേധക്കാരെയും മാധ്യമപ്രവർത്തകരെയും ഒരു രേഖയും അവശേഷിപ്പിക്കാത്ത വിധം വേട്ടയാടാനാണ് നീക്കം. ഇതിനെതിരെ എല്ലാവരും ഒത്തൊരുമിച്ച് പൊരുതണമെന്നും നേതാക്കൾ ആഹ്വാനം ചെയ്തു. ജന്തർമന്തറിലെ വിലക്കുകൾക്ക് പുല്ലുവില കൽപ്പിച്ച് വെള്ളിയാഴ്ച ദേശീയപതാകയുമായി വീണ്ടും വലിയ തോതിൽ പ്രതിഷേധിക്കുമെന്ന് സിജെപി നേതാക്കൾ പ്രഖ്യാപിച്ചു. മോദിയുടെ കസേര തെറിപ്പിച്ച് ഗ്യാനേഷിനെ ജയിലിൽ അടയ്ക്കും വരെ പോരാട്ടം തുടരാനും ആഹ്വാനം ചെയ്തു.

അതേസമയം വാർത്താസമ്മേളനത്തിനിടെ ഐസ നേതാവ് നേഹ ബോറ സംസാരിക്കുന്നതിനിടെ റിപ്പബ്ലിക് ചാനലിലെ മാധ്യമപ്രവർത്തകൻ ബഹളം വെച്ചതിനെത്തുടർന്ന് നേരിയ സംഘർഷാവസ്ഥയുണ്ടായി. സർക്കാരിനും പൊലിസിനുമെതിരായ വിമർശനങ്ങൾ തടസപ്പെടുത്താൻ മാധ്യമപ്രവർത്തകൻ ശ്രമിച്ചെന്നാണ് റിപ്പോർട്ടുകൾ. മറ്റ് മാധ്യമപ്രവർത്തകർ ശക്തമായി രംഗത്തെത്തിയതോടെയാണ് സാഹചര്യം ശാന്തമായത്.

തുടർന്ന് സംസാരിച്ച നേഹ ബോറ, പ്രതിഷേധക്കാരെയും മാധ്യമപ്രവർത്തകരെയും മണിക്കൂറുകളോളം കസ്റ്റഡിയിൽവയ്ക്കുന്നതിനെ വിമർശിച്ചു. കസ്റ്റഡിയിലെടുക്കുന്ന യുവതികൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നതായും അവർ ആരോപിച്ചു. പ്രതിഷേധങ്ങളെ അടിച്ചമർത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അതിൽ ഭയന്ന് പിന്നോട്ടുപോകില്ലെന്നും നേഹ ബോറ വ്യക്തമാക്കി. ജന്തർ മന്തറിൽ ദേശീയപതാക വീശിയതിനെ കുറ്റകരമായി കണ്ട നടപടിയെയും നേതാക്കൾ ചോദ്യം ചെയ്തു. പ്രതിഷേധിക്കാനുള്ള അവകാശം തടയുന്ന നടപടികൾ അംഗീകരിക്കാനാകില്ലെന്നും അവർ വ്യക്തമാക്കി.

# കേരളത്തിൽ ഡെങ്കിപ്പനി വ്യാപനം മുൻകൂട്ടി അറിയാൻ ഐഎവിയുടെ നൂതന സംവിധാനം

## *രോഗവ്യാപന സാധ്യത വിലയിരുത്താം; പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം

ഡെങ്കിപ്പനി വ്യാപനം രൂക്ഷമാകുന്നതിനു മുമ്പുതന്നെ ജില്ലാ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി വ്യാപന സാധ്യത മുൻകൂട്ടി പ്രവചിക്കാൻ സഹായിക്കുന്ന മെഷീൻ ലേണിങ് അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം വികസിപ്പിച്ച് തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി).

ആരോഗ്യവകുപ്പിന്റെ രോഗനിരീക്ഷണ വിവരങ്ങളും കാലാവസ്ഥാ വിവരങ്ങളും വിശകലനം ചെയ്ത് ഡെങ്കിപ്പനി വ്യാപനസാധ്യത മുൻകൂട്ടി പ്രവചിക്കുകയാണ് ഡെങ്കി ഏർലി വാണിങ് സിസ്റ്റത്തിന്റെ ലക്ഷ്യം.

ഐഎവിയിലെ വൈറസ് ജീനോമിക്സ്, ബയോഇൻഫർമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ശാസ്ത്രജ്ഞൻ ഡോ. അഭിനന്ദ് സി. എസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഡെങ്കി ഏർലി വാണിങ് സിസ്റ്റം വികസിപ്പിച്ചത്.

മഴയുടെ അളവ്, താപനില, അന്തരീക്ഷ ആർദ്രത, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഡെങ്കിപ്പനി കേസുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ സംയോജിപ്പിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ഓരോ ആഴ്ചയിലെയും രോഗവ്യാപന പ്രവണതകൾ വിശകലനം ചെയ്ത് ജില്ലാടിസ്ഥാനത്തിൽ മുന്നറിയിപ്പുകൾ നൽകാൻ സംവിധാനത്തിലൂടെ സാധിക്കും.

2020 മാർച്ച് മുതൽ 2026 ഫെബ്രുവരി വരെയുള്ള ആറുവർഷത്തെ ദൈനംദിന വിവരങ്ങളാണ് മെഷീൻ ലേണിങ് മോഡൽ വികസിപ്പിക്കാൻ ഉപയോഗിച്ചത്. സംസ്ഥാന ആരോഗ്യവകുപ്പിൽ നിന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുൻകാല രോഗവ്യാപന രീതികളും കാലാവസ്ഥാ വ്യതിയാനങ്ങളും വിശകലനം ചെയ്തു. ഇതിലൂടെ ഡെങ്കിപ്പനി വ്യാപനസാധ്യത കുറഞ്ഞത്, മിതമായത്, ഉയർന്നത്, വളരെ ഉയർന്നത് എന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ചറിയാനാകും. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളുടെ പ്രജനനത്തെയും അതിജീവനത്തെയും മഴ, താപനില, അന്തരീക്ഷ ആർദ്രത തുടങ്ങിയ ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങൾ മാത്രമല്ല രോഗവ്യാപനത്തെ നിർണയിക്കുന്നത്. കാലാവസ്ഥാ വിവരങ്ങൾക്കൊപ്പം രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന മാറ്റങ്ങളും വിലയിരുത്തുന്നതിലൂടെ രോഗവ്യാപനസാധ്യത വർധിക്കുന്ന ഘട്ടം നേരത്തേ തിരിച്ചറിയുകയാണ് സംവിധാനത്തിന്റെ ലക്ഷ്യം. 2026 മാർച്ച് മുതൽ ജൂലൈ വരെയുള്ള ആരോഗ്യവകുപ്പിന്റെ രോഗനിരീക്ഷണ വിവരങ്ങൾ ഉപയോഗിച്ച് സംവിധാനത്തിന്റെ പ്രാഥമിക വിലയിരുത്തൽ നടത്തിയതിൽ മോഡൽ പ്രവചിച്ച രോഗവ്യാപന പ്രവണതകളും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ പ്രവണതകളും തമ്മിൽ സാമ്യം കണ്ടെത്തിയതായി ഗവേഷകർ വ്യക്തമാക്കി. അതേസമയം, വിവിധ ജില്ലകളിലെയും കാലാവസ്ഥാ സാഹചര്യങ്ങളിലെയും രോഗവ്യാപന ഘട്ടങ്ങളിലെയും പ്രവചനങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കാൻ കൂടുതൽ പരിശോധനകളും തുടർച്ചയായ വിലയിരുത്തലുകളും ആവശ്യമാണെന്നും അവർ ചൂണ്ടിക്കാട്ടി. രോഗവ്യാപനസാധ്യത ഉയരുന്നതായി മുന്നറിയിപ്പ് ലഭിക്കുന്ന പ്രദേശങ്ങളിൽ കൊതുകുനിവാരണ പ്രവർത്തനങ്ങൾ ശക്തമാക്കാനും ജനകീയ ബോധവത്കരണം നടത്താനും രോഗനിരീക്ഷണം മെച്ചപ്പെടുത്താനും ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താനും ആരോഗ്യവകുപ്പിന് ഇതിലൂടെ സാധിക്കും. പരിമിതമായ ആരോഗ്യവിഭവങ്ങൾ രോഗവ്യാപനസാധ്യത കൂടുതലുള്ള പ്രദേശങ്ങളിലേക്ക് മുൻഗണനാക്രമത്തിൽ വിന്യസിക്കുന്നതിനും ജില്ലാതല പ്രവചനങ്ങൾ സഹായകമാകും. ഡാറ്റാ സയൻസ്, മെഷീൻ ലേണിങ് തുടങ്ങിയ സാങ്കേതികവിദ്യകൾ പൊതുജനാരോഗ്യ സംരക്ഷണത്തിനായി പ്രയോജനപ്പെടുത്താനുള്ള ഐഎവിയുടെ ശ്രമങ്ങളുടെ ഭാഗമാണ് ഈ പദ്ധതി. നിലവിലുള്ള രോഗനിരീക്ഷണ സംവിധാനങ്ങൾക്ക് പകരമായല്ല, അവയ്ക്ക് പിന്തുണ നൽകുന്ന ഉപാധിയായാണ് വാണിങ് സിസ്റ്റം വിഭാവനം ചെയ്തിരിക്കുന്നത്. ആരോഗ്യവകുപ്പിന്റെ നിരീക്ഷണവും വിദഗ്ധരുടെ വിലയിരുത്തലും സംയോജിപ്പിച്ചുള്ള തുടർനടപടികൾ സംവിധാനത്തിന്റെ ഫലപ്രദമായ ഉപയോഗത്തിന് നിർണായകമാണ്. ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചതായി ഐഎവി അധികൃതർ അറിയിച്ചു. ഡെങ്കി ഏർലി വാണിങ് സിസ്റ്റത്തെക്കുറിച്ചുള്ള വിവരങ്ങൾക്ക്: https://dews.iav.res.in.

## സീറ്റൊഴിവ്

സി-ഡിറ്റ് ഈ മാസം തിരുവനന്തപുരത്ത് ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ, ഇന്റഗ്രേറ്റഡ് കോഴ്സുകളായ ഡിപ്ലോമ ഇൻ ഡിജിറ്റൽ വീഡിയോഗ്രാഫി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രാഫി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഒക്ടോബർ 25ന് മുൻപായി കമ്മ്യൂണിക്കേഷൻ കോഴ്സസ് ഡിവിഷനുമായി ബന്ധപ്പെടുക. ഫോൺ: +91-9961491540, 8547720167.

## കവചം സൈറൺ മുഴങ്ങും

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മഴ സാധ്യത പ്രവചനപ്രകാരം ഇന്ന് (15/10/2026) പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ മുന്നറിയിപ്പിന്റെ ഭാഗമായി വൈകുന്നേരം 4 നും 4.30 നും ഇടയിലായി ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായുള്ള സൈറണുകൾ മുഴങ്ങും.

# ലോക ഭക്ഷ്യദിനം സിവിൽസപ്ലൈസ് ദിനമായി ആചരിക്കും; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ലോക ഭക്ഷ്യദിനമായ ഒക്ടോബർ 16 സിവിൽസപ്ലൈസ് ദിനമായി ആചരിക്കുമെന്നു മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. തിരുവനന്തപുരം വഴുതക്കാട് മൗണ്ട് കാർമൽ ഹാളിൽ നടക്കുന്ന ലോക ഭക്ഷ്യദിന / സിവിൽ സപ്ലൈസ് ദിനാഘോഷ പരിപാടികൾ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി അനൂപ് ജേക്കബ് അധ്യക്ഷത വഹിക്കും. മന്ത്രിമാരായ സി.പി. ജോൺ, കെ. മുരളിധരൻ, മേയർ വി.വി. രാജേഷ്, ഡോ. ശശി തരൂർ എം.പി., നഗരസഭാ കൗൺസലർ രാഖി രവികുമാർ തുടങ്ങിയവർ പങ്കെടുക്കും.

ദിനാചരണത്തിന്റെ ഭാഗമായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തന മികവിനു സംസ്ഥാന അവാർഡുകൾ നൽകും. സപ്ലൈകോയുടെ യു.എൻ-എസ്ഡിജി പഠനറിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്യും. എല്ലാവർഷവും ലോക ഭക്ഷ്യദിനം, സിവിൽ സപ്ലൈസ് ദിനമായി ആചരിക്കുമെന്നും മന്ത്രി അറിയിച്ചു.

# സോഡ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു; ഒരാൾക്ക് പരിക്ക്

കോട്ടയം: സോഡ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ ഒരാൾക്ക് പരിക്ക്. വൈക്കത്ത് സോഡ ഗ്യാസും ഓക്സിജൻ സിലിണ്ടറുകളും വിതരണം ചെയ്യുന്ന സ്ഥാപനത്തിലുണ്ടായ സംഭവത്തിൽ പേളശ്ശേരി സ്വദേശിനി ലിപ (49) നാണ് പരിക്കേറ്റത്. തലയ്ക്ക് പരിക്കേറ്റ ഇവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടസമയത്ത് ലിപയെ കൂടാതെ സ്ഥാപന ഉടമയും മറ്റൊരു ജീവനക്കാരനായ സജിയും കടയിലുണ്ടായിരുന്നു. വലിയ സ്ഫോടനശബ്ദത്തോടെ സിലിണ്ടർ പൊട്ടിത്തെറിച്ചതോടെ കടയിലും പരിസരത്തും പുക നിറഞ്ഞു. സ്ഫോടനത്തെത്തുടർന്ന് കടയ്ക്കുള്ളിലുണ്ടായിരുന്ന കസേരകൾ പൊട്ടിച്ചിതറുകയും അലമാരയുടെ ചില്ലുകൾ തകരുകയും ചെയ്തു. പൊട്ടിത്തെറിയിൽ സിലിണ്ടറുകൾ മറിഞ്ഞുവീണതോടെ അവയ്ക്കിടയിൽ കുടുങ്ങിയ നിലയിലായിരുന്നു ലിപ.

## ഇന്റർവ്യൂ 26ന്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേക്കുള്ള ഇന്റർവ്യൂവും പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂവും ഒക്ടോബർ 26 ന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. അസിസ്റ്റന്റ് പ്രസ് മാനേജർ, അസിസ്റ്റന്റ് മെഷീൻ ഓപ്പറേറ്റർ, കമ്പോസിറ്റർ കം പ്രൂഫ് റീഡർ തസ്തികകളിലേക്കുള്ള ഇന്റർവ്യൂ രാവിലെ ഒൻപതിനും ഗോൾഡ് സ്മിത്ത് തസ്തികയിലേക്കുള്ള പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ ഉച്ചയ്ക്ക് ശേഷം ഒന്നിനും ആരംഭിക്കും.